Vol. 9. 1933 February. 1108 മകരം, കുംഭം. No. 2.

# മലങ്കര വിച്ഛേദിതൻ

# THE MALABAR SEPARATIST.

പത്രാധിപർ:—കെ. വി. സൈമൺ.

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു;
എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ
ജീവന്റെ വെളിച്ചമുള്ളവൻ ആകും."

ശ്രീയേശുക്രിസ്തു.

## വിഷയവിവരം.


| | | പേജ് |
|---|---|---|
| 1. | പുനരുത്ഥാനം | 25 |
| 2. | ലോകപ്രസിദ്ധനായ മൂഡിസായ്പ് | 29 |
| 3. | ന്യായവിധികൾ | 32 |
| 4. | ധ്യാനമഞ്ജരി | 36 |
| 5. | യോനായും കടലാനയും | 40 |
| 6. | യോഗവൃത്താന്തങ്ങൾ | 46 |
| 7. | ന്യായപ്രമാണവും കൃപയും | 48 |


THE NATIONAL PRINTING HOUSE, TIRUVALLA.
1933.

# The Malabar Separatist.

**A Christian Journal in Malayalam**

K. V. Simon, Editor. C. K. Matthew, B. D. Sub-Editor.

---

(കവർ മൂന്നാംപേജിൽനിന്നും തുടർച്ച)

ഇതു് ദാസ്യത്തെ സൂചിപ്പിക്കുന്നു. എബ്രാ. 13: 5. എന്നാൽ "കാലിന്നു ചെരിപ്പു് ഇടുവിപ്പിൻ" എന്നു കൃപ പറയുന്നു. ലൂക്കോ. 15; 22; പ്രവൃ. 12: 8. ഇതു പുത്രത്വത്തെ കുറിക്കുന്നു.

7. <u>ആടിന്റെ മരണവും ഇടയന്റെ മരണവും.</u> ന്യായപ്രമാണത്തിൻകീഴിൽ ആടുകൾ ഇടയനുവേണ്ടി മരിച്ചു. 1 രാജാ. 8: 63. കൃപാപ്രമാണത്തിൻകീഴിൽ ഇടയൻ ആടുകൾക്കുവേണ്ടി മരിക്കുന്നു. യോഹ. 10: 15.

ന്യായപ്രമാണം വിശുദ്ധിയെ ആവശ്യപ്പെടുന്നു_കൃപാപ്രമാണം വിശുദ്ധി നൽകുന്നു.

"ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ചു നടക്കാത്തവൻ ശപിക്കപ്പെട്ടവൻ" എന്നു ന്യായപ്രമാണം പറയുന്നു. ആവ. 27: 26.

"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ" എന്നു കൃപ പറയുന്നു. സങ്കീ. 32: 1.

"നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കേണം" എന്നു ന്യായപ്രമാണം പറയുന്നു. ആവ. 6: 5.

"നാം ദൈവത്തെ സ്നേഹിച്ചതല്ല അവൻ നമ്മെ സ്നേഹിച്ചതാണു്. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹമാകുന്നു" എന്നു കൃപ പറയുന്നു. 1 യോഹ. 4:10.

"പാപം ചെയ്യുന്ന ദേഹി മരിക്കും." യോഹ. 18:4 എന്നു് ന്യായപ്രമാണം പറയുന്നു. "അതുകൊണ്ടു് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല". എന്നു കൃപാപ്രമാണം പറയുന്നു. റോമ. 8:1.

---

# മലങ്കര വിശ്വാസി

ുസ്തകം 9. | 1933 ഫെബ്രുവരി. | ലക്കം 2.

## പുനരുത്ഥാനം.

പുനരുത്ഥാനം അഥവാ ഉയിർത്തെഴുന്നേല്പ് എന്നുള്ളതു്
ിസ്തുസഭയുടെ മുഖ്യമായ ഒരു വിശ്വാസവിഷയമാകുന്നു. ഇത
ാതങ്ങളിൽ മിക്കതും ഉയിർപ്പിനെ വിശ്വസിക്കുന്നില്ല. എ
ിലും പ്രാചീനഎജിപ്തുകാരും അറബികളും ഇതിൽ വി
്വാസമുള്ളവരായിരുന്നു. മൃതന്മാരുടെ ആത്മാക്കൾ മരണശേ
ം മൂവായിരം വർഷം കഴിഞ്ഞു് ശരീരത്തിൽ തിരികെ
വേശിക്കുമെന്നുള്ള വിശ്വാസംനിമിത്തം എജിപ്തുകാർ
ശരീരത്തെ സുഗന്ധവർഗ്ഗമിട്ടു് സൂക്ഷിച്ചുവന്നിരുന്നു. മഹ
ദീയക്കു് അറബികളിൽനിന്നാണു് ഉയിർപ്പിന്റെ ഉപദേ
ം ലഭിച്ചതു്. യഹൂദന്മാരും സാധാരണ്യേന പുനരുത്ഥാന
ത്തെ :വിശ്വസിച്ചിരുന്നുവെന്നു് പഴയനിയമത്തിലെ ചില
സ്താവനകളിൽനിന്നു മനസ്സിലാകുന്നുണ്ടു്. "ഞാൻ അബ്ര
ാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈ
ം" എന്നുള്ള സൂക്തത്തിൽ പുനരുത്ഥാനോപദേശം അടങ്ങ
ിരിക്കുന്നുവെന്നു് യേശു സദൂക്യരോടു പറകയുണ്ടായി. എങ്കി
ം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനും ക്രിസ്തുമതസ്ഥാപന
ിനും ശേഷമാണു് ഈ ഉപദേശത്തിനു സാർവ്വത്രികമായ പ്ര
ാരമുണ്ടായതു്. വളരെ പ്രാധാന്യമുള്ള പ്രസ്തുതവിഷയം സംബ
ിച്ചു സംക്ഷേപമായി ഉപന്യസിക്കുന്നതു് വായനക്കാർക്കു് രസ
ഥമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആദ്യമായി പുനരുത്ഥാനം അഥവാ ഉയിർത്തെഴുന്നേല്പ
ുന്ന പദത്തിന്റെ അർത്ഥം എന്തെന്നുനോക്കാം. മൂലഭാഷ

യിൽ 'അനാസ്റ്റാസിസ്' (Anastasis) എന്നു് കാണുന്ന ഗ്രീക്ക
പദത്തെയാണു് ഇംഗ്ലീഷിൽ റെസറെക്ഷൻ (resurrection
എന്നും, മലയാളത്തിൽ പുനരുത്ഥാനം അഥവാ ഉയിർത്തെ
ഴുന്നേല്പ് എന്നും തർജ്ജമ ചെയ്തിരിക്കുന്നതു്. 'അനാ' (ana) എ
ന്നുള്ള പദത്തിനു വീണ്ടും എന്നും 'ഇസ്റ്റീമി, (isteemi) എന്ന
ക്രിയാപദത്തിൽനിന്നു നിഷ്പാദിക്കുന്ന 'സ്റ്റാസിസ്', (stasis
എന്ന വാക്കിനു് നാട്ടുക, പൊക്കിനിറുത്തുക, ഉയർത്തുക, എ
ഴുന്നേല്പിക്കുക എന്നും അർത്ഥമാകുന്നു. അനാസ്റ്റാസീസ്
(anastasis) എന്ന വാക്കിനു് ഏറ്റവും സാമ്യമുള്ള വാക്കത്രേ
'പുനരുത്ഥാനം' അഥവാ 'പുനരുത്ഥാപനം'.

സർവ്വാധികമായി തന്റെ ജീവനെ സ്നേഹിക്കുന്ന മനുഷ്യ
ൻ മരണത്തിന്റെ ഉഗ്രമായ പ്രഹരത്താൽ വീണു തവിട്ടുപൊ
ടിയായിത്തീരുന്ന അനുഭവം പ്രതിദിനം കാണുന്ന നമുക്ക
പുനരുത്ഥാനത്തെപ്പോലെ ആശ്വാസകരമായ ഒരു പ്രത്യാശ
ഇല്ലതന്നെ. തന്റെ പിതാവു മരിച്ച പുത്രനും, ഭർത്താവു മരിച്ച
ഭാര്യയും, മക്കൾ മരിച്ച മാതാപിതാക്കന്മാരും, ഇഷ്ടമിത്രം മ
രിച്ച സ്നേഹിതനും എന്നുവേണ്ട, ഇതര വ്യക്തിയുടെ മരണ
ത്താൽ ക്ലേശിക്കുന്ന ഏതൊരുവ്യക്തിക്കും താൻ അവിച്ഛിന്ന
രമായി വാർക്കുന്ന കണ്ണുനീർ പുനരുത്ഥാനത്തിന്റെ പ്രത്യാശ
യാൽ നിർമ്മാർജ്ജനം ചെയ്യാവുന്നതാണെന്നു പറയേണമെന്നി
ല്ല. മനുഷ്യരെ മരണത്തിലേക്കു തള്ളിവിടുന്ന ദൈവംതന്നെ
ഒരു ഉയിർപ്പ് കൽപിച്ചിരിക്കുന്നു. സങ്കീ, 90:3. നോക്കുക. നീ
മർത്ത്യനെ (Enosh=മരണവശഗനായ മനുഷ്യനെ) പൊടിയി
ലേക്കു് (Dako=തവിട്ടുപൊടിയായ ധൂളിയിലേക്കു്) മടങ്ങി
പ്പോകുമാറാക്കുന്നു. മനുഷ്യപുത്രന്മാരേ, Benai adam=മണ്ണിന്റെ
മക്കളേ! തിരികെവരുവിൻ എന്നും അരുളിച്ചെയ്യുന്നു. മരണ
ശേഷം മനുഷ്യൻ മണ്ണായിപ്പോകുന്നതിനേയും പുനരുത്ഥാന
ത്തിൽ അവൻ തിരികെ എഴുന്നേല്പിക്കപ്പെടുന്നതിനേയു
അത്രേ ഈ വാക്യം കാണിക്കുന്നതു്. വേറൊരുവാക്യംകൂടി നോ
ക്കാം. ഇയ്യോബ് 14: 10_13. പുരുഷനോ (gever=ബലശാ
ലിയായ മനുഷ്യൻ) മരിച്ചാൽ ദ്രവിച്ചുപോകുന്നു. മനുഷ്യന
(ഭൂമയൻ) പ്രാണനെ വിട്ടാൽ അവൻ എവിടെ? സമുദ്രത്തി
ലെ വെള്ളം പൊയ്പ്പോകുംപോലെയും ആറു വറ്റിഉണങ്ങിപ്പോ
കുംപോലെയും മനുഷ്യൻ കിടന്നിട്ടു് എഴുന്നേൽക്കുന്നില്ല. ആ
കാശം ഇല്ലാതെയാകുംവരെ അവർ ഉണരുന്നില്ല. ഉറക്കത്തിൽ

ന്നു ജാഗരിക്കുന്നുമില്ല. നീ എന്നെ പാതാളത്തിൽ മറച്ചുവ യ്ക്കും നിന്റെ കോപം കഴിയുവോളം എന്നെ ഒളിപ്പിക്കയും നിക്ക് ഒരവധി നിശ്ചയിച്ച് എന്നെ ഓർക്കയും ചെയ്തുവെ ങ്കിൽ കൊള്ളായിരുന്നു.

ഈ വചനപ്രകാരം ദൈവം മരണനിദ്ര ചെയ്യുന്നവരെ ർക്കും എന്നുള്ളതു് എത്രയും സത്യം. അതിന്നു് ഒരുകാലം നിശ്ചയിച്ചിട്ടുണ്ടു്. ആ കാലാവധി കഴിയുമ്പോൾ അവൻ വരെ സന്ദർശിക്കും. അവന്റെ വിളി അവർ കേൾക്കും; ദ്രു മൃതന്മാരെ ഉടമിക്കും, അവർ ജീവിച്ചെഴുന്നേൽക്കും. ഈ പ്രത്യാശയില്ലാത്തപക്ഷം ശരീരികളുടെ സ്ഥിതി വളരെ കഷ്ട മെന്നു പറയേണ്ടതില്ല.

"മരിച്ചവരുടെ പുനരുത്ഥാനമില്ലാ എങ്കിൽ ക്രിസ്തുവും യിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യ ർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ലാ എന്നുവരികിൽ ദൈവം യിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിന്നു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന്നു കള്ളസ്സാക്ഷികൾ എന്നു വരും. മരിച്ചവർ ഉ യിർക്കുന്നില്ലാ എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉ യിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നി ങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവി ൽ നിദ്രകൊണ്ടവരും നശിച്ചുപോയി." 1 കൊരി. 15:13—18 പൗലുസിന്റെ ഈ വചനങ്ങൾ ഉയിർപ്പിന്റെ സർവ്വപ്രാധാന്യ ത്തെ കാണിക്കുന്നു. മരിച്ചവരുടെ പ്രത്യാശയെയും പുനരു ത്ഥാനത്തെയുംകുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു എന്നു പൗലൊസ് ന്യായാധിപസംഘത്തിൽവെച്ചു വിളിച്ചുപറയു ന്നു. പ്രവൃ. 23:6 നോക്കുക. വാഗ്ദത്തം ചെയ്യപ്പെട്ട ഒരുയിർപ്പി നുവേണ്ടി അബ്രഹാം കാത്തിരുന്നതായി നമുക്കു വിശ്വസി ക്കാം. കല്ലറയിൽ അടയ്ക്കപ്പെട്ട അബ്രഹാം ദേശം കൈവശ പ്പെടുത്തേണമെങ്കിൽ (ഉല്പ. 13:17) ഒരു ഉയിർപ്പുകൂടാതെ സാ ധിക്കുന്നതല്ലല്ലോ. എബ്രാ. 11:18, 19 ഈ വാക്യങ്ങൾ നോ ക്കിയാൽ അബ്രഹാമിന്നു പുനരുത്ഥാനത്തെക്കുറിച്ചു് വിശ്വാസ മുണ്ടായിരുന്നുവെന്നു നമുക്കു ദൃഢമായി ബോധപ്പെടും.

പുനരുത്ഥാനോപദേശം മത്യാറനിലയിലേക്കു ആള

ചെയ്യുന്ന പ്രഭാതസൂര്യനെപ്പോലെ, വേദത്തിൽ വർദ്ധമാനപ്ര
മായി വരുന്ന കാഴ്ച തിരുവെഴുത്തുകളിൽ നാം കാണുന്നു. ഇ
യോബു 19:25—27 വരെയുള്ള വാക്യങ്ങൾ വായിക്കാം. "എ
ന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒ
വിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എ
ന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതന
യി ദൈവത്തെ കാണും. ഞാൻതന്നെ അവനെ കാണും; അ
ന്യനല്ല, എന്റെ സ്വന്ത കണ്ണു് അവനെ കാണും;" ഇയോബ
ഒരു പുനരുത്ഥാനവിശ്വാസിയായിരുന്നു എന്നുള്ളതിനു സംശ
യരഹിതമായ തെളിവത്രെ ഇതു്. ഈ വിഷയംസംബന്ധി
ച്ച് ഇസ്രായേലിന്റെ മധുരഗായകൻ ഇങ്ങനെ പാടുന്നു, "അ
വർക്ക് പുത്രസമ്പത്തു ധാരാളം ഉണ്ടു്. തങ്ങളുടെ ധനശിഷ്ട
അവർ കുഞ്ഞുങ്ങൾക്കു വെച്ചേക്കുന്നു. ഞാനോ നീതിയിൽ
നിന്റെ മുഖത്തെ കാണും. ഞാൻ ഉണരുമ്പോൾ നിന്റെ
രൂപം കണ്ടു തൃപ്തനാകും. സങ്കീ. 17:14, 15. "നിന്റെ മൃത
ന്മാർ ജീവിക്കും. എന്റെ ശവങ്ങൾ എഴുന്നേൽക്കും. പൊ
ടിയിൽ കിടക്കുന്നവരെ ഉണർന്നു ഘോഷിപ്പിൻ; നിന്റെ മ
ഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു. ഭൂമി പ്രേത
ന്മാരെ പ്രസവിക്കുമല്ലോ" (യെശ. 26:19) എന്നിങ്ങനെ യെ
ശയ്യാവിന്റെ പ്രവചനത്തിൽ കാണുന്നു. ഒരു ദിവ്യപുരു
ഷൻ ഇങ്ങിനെ പറയുന്നതായി ദാനിയേൽ എഴുതിയിരിക്കു
ന്നു. "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പല
രും, ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനി
ന്ദയ്ക്കുമായും ഉണരും." ഈ ദിവ്യൻതന്നെ ദാനിയേലിനോ
ഇങ്ങനെ പറയുന്നു: നീയോ അവസാനം വരുവോളം പൊ
യ്ക്കൊൾക. നീ വിശ്രമിച്ചു കാലാവസാനത്തിൽ നിന്റെ
ഓഹരി ലഭിപ്പാൻ എഴുന്നേററുവരും."

(തുടരും)

---

ജീവിതത്തിന്റെ മഹത്വം സ്നേഹിക്കയാണു്, സ്നേഹ
ക്കപ്പെടുകയല്ല; കൊടുക്കയാണു്; വാങ്ങുകയല്ല. ശുശ്രൂഷിക്കയാ
ണു്; ശുശ്രൂഷിക്കപ്പെടുകയല്ല.

# ലോകപ്രസിദ്ധനായ മൂഡിസായ്പ്.

(പ്രാപ്പുസ്തകം ഫവ_ാംലക്കത്തിൻെറ തുടർച്ച.)

---

മൂഡി ഷിക്കാഗോയിൽ ഒരു മിഷ്യൻസണ്ടേസ്ക്കൂൾ ക
ടത്തി. അവിടെ ആകെ 16 അദ്ധ്യാപകന്മാരും 12 കുട്ടി
മാണുണ്ടായിരുന്നതു്. അവിടെ ഒരദ്ധ്യാപകനാകുവാൻ
ഡി അപേക്ഷകൊടുത്തു. കുട്ടികളെ കൊണ്ടുവരാമെങ്കിൽ
കാമെന്നു് അവർ സമ്മതിച്ചതനുസരിച്ചു് അവൻ പിറെറ
ായറാഴ്ച തെരുവിൽ അലഞ്ഞുനടന്ന 18 കുട്ടികളെ കൊണ്ടു
ന്നു ക്ലാസിൽ ഇരുത്തി. ഇങ്ങനെ തുടൎന്നു പ്രവൎത്തിക്കയാൽ
ണ്ടേസ്ക്കൂൾ അചിരേണ കുട്ടികളെക്കൊണ്ടു നിറഞ്ഞു. 1858
ൻെറ അവസാനത്തിൽ നഗരത്തിൻെറ വേറൊരു ഭാഗത്തു് ഇ
ിലും വലുതായ വേറൊരു സ്കൂൾ അവൻ തുടങ്ങി. വിശാല
യ ആ ശാലയും വിദ്യാൎത്ഥികളെക്കൊണ്ടു നിബിഡമായി.
ീണ്ടും മറെറാരു കെട്ടിടംകൂടി വാടകയ്ക്കെടുത്തു് സ്കൂൾ ആരം
ിച്ചു. ഈ സ്കൂളുകളിലേക്കു കുട്ടികളെ ആകൎഷിച്ചതു് കളി
്യാട്ടങ്ങൾ, പലഹാരം ഇവയെക്കൊണ്ടായിരുന്നു. ഈ രവി
ാരപാഠശാലാദ്ധ്യാപനപരിശീലനമാണു് പിന്നീടു് അദ്ദേ
ത്തിൻെറ പ്രസംഗവൈഭവത്തിനു കാരണമായിത്തീൎന്നതു്.
്രാൎത്ഥനായോഗങ്ങളിൽ ഒന്നിൽ സംസാരിക്കുന്നതിനായി
ൂഡി എഴുന്നേററപ്പോൾ അവൻ മിണ്ടാതിരിക്കയാണു് ഏ
റവും നല്ല ദൈവശുശ്രൂഷ എന്നു് ഡീക്കന്മാരിൽ ഒരാൾ
ാകയുണ്ടായി. നിങ്ങളുടെ പ്രസംഗത്തിൽ വ്യാകരണസംബ
ധമായ അനേക തെററുകൾ ഉണ്ടെന്നു് ഒരാൾ പറഞ്ഞപ്പോ
ൾ, "എനിക്കതറിയാം. വളരെ കുറവുകൾ എനിക്കുണ്ടു്. എ
ന്നാൽ എനിക്കു കിട്ടിയതിനെക്കൊണ്ടു വ്യാപാരംചെയ്യേണ്ട
തു് എൻെറ കൎത്തവ്യകൎമ്മമാണല്ലോ. നിങ്ങൾക്കു ധാരാളം
വ്യാകരണജ്ഞാനമുണ്ടു്, ശരി, എന്നാൽ നിങ്ങൾ അതുകൊ
ണ്ടു് യജമാനൻെറ വേലക്കു് എന്തു ചെയ്യുന്നു?" എന്നു ചോദിച്ചു.

മൂഡിയുടെ സണ്ടേസ്കൂൾ അദ്ധ്യാപനവൃത്തി 23 വയസ്സി
നുമുൻപു് അവസാനിച്ചു. അവൻെറ വേലയാൽ ആത്മാക്കൾ
ക്രിസ്തുവിങ്കലേക്കു കൊണ്ടുവരപ്പെടുന്നതുവരെയും സഭാശുശ്രൂ
ഷാകസ്ഥാനത്തെക്കുറിച്ചു യാതൊരു വിചാരവുമില്ലായിരുന്നു.
വേലയുടെ ഫലം കണ്ടശേഷം താൻ ഏഴായിരം ഡോളർ സ
മ്പാദിച്ചു് തൻെറ ജോലി നിൎബ്ബന്ധം ഉപേക്ഷിച്ചു് മുഴുസമയ

വും ക്രിസ്തീയവേലയ്ക്കു വിനിയോഗിക്കുന്നതിനു നിശ്ചയിച്ചു
സിവിൽയുദ്ധത്തിനിടയ്ക്കു് മൂഡി ക്രിസ്റ്റ്യൻ കമ്മീഷനിൽ
ഒരു പ്രധാന മെമ്പറായിരിക്കയും ഷിക്കാഗോയിലും ദക്ഷിണ
സംസ്ഥാനങ്ങളിലുള്ള പല പ്രധാന പോർക്കളങ്ങളിലും
ന്മായിരുന്ന പടയാളികളുടെയും തടവുകാരായി പിടിക്കപ്പെട്ട
വരുടെയും ഇടയിൽ ധാരാളമായി വേല ചെയ്കയും ചെയ്തു
യുദ്ധം കഴിഞ്ഞു് മൂഡി ഷിക്കാഗോവിൽ വന്നു് വീണ്ടും സ
ണ്ടേസ്കൂൾ, വൈ. എം. സി. എ. മുതലായവയിൽ ഏർപ്പെട്ടു
സണ്ടേസ്കൂൾ സംബന്ധിച്ചായിരുന്നു അവന്റെ കീർത്തി ന
ട്ടാടുകൾ പരന്നതു്. അവന്റെ ബോധനരീതി അറിയുന്നത
ന് എല്ലാ ഭാഗങ്ങളിൽനിന്നും ആളുകൾ മാടിക്കൂടി. ഇതിലേ
ൾ ചിലർ അനേകായിരം മൈൽ യാത്ര ചെയ്തതായിക്കൂടി പ
യപ്പെടുന്നുണ്ടു്. അദ്ദേഹത്തിന്റെ ശ്രമത്താലാണ് അന്ത
ദ്ധ്യം സണ്ടേസ്കൂളുകൾക്കു് ഏകോപിച്ചു്. ഒരേ പാഠംതന്നെ എ
ല്ലാ സ്കൂളുകളിലും പഠിപ്പിക്കണമെന്നു തീരുമാനിച്ചതു്. ഇ
ർനാഷനൽ സണ്ടേസ്കൂൾപാഠങ്ങളുടെ പ്രാരംഭം ഈ വി
ത്തിലാണു്. അമേരിക്കയിലെ വൈ. എം. സി. എ. പ്ര
ർത്തകന്മാരിൽ അഗ്രിമസ്ഥാനത്തിരുന്ന ആളാണ് മൂഡി
ഇൻഡ്യാനാപോലീസിൽ വൈ. എം. സി. എ. വകയായി ന
ന്ന ഒരു കൺവൻഷനിലത്രേ ഐറാഡേവിഡ്സാങ്കി എ
ന സുപ്രസിദ്ധനായ സംഗീതകാരനെ മൂഡി കണ്ടുകൂടിയതു്
ത്തു് 1870-ൽ ആയിരുന്നു. ആദ്യം ഒരു പരസ്യയോഗത്തി
സാങ്കി മൂഡിയോടുകൂടി ചേർന്നു വേല നടത്തി. ഏതാനും മ
സം കഴിഞ്ഞു് സാങ്കി ജോലി നിശ്ശേഷം വിടുകയും മിസ്റ്റർ
മൂഡിയുടെ സ്ഥിരസഹപ്രവർത്തകനായിത്തീരുകയും ചെയ്തു.

1867-ൽ ഗ്രേറ്റുബ്രിട്ടനിലേക്കു പോകുന്നതിനും അവി
ടെ നടക്കുന്ന ക്രിസ്തീയവേലയുടെ സ്വഭാവത്തെക്കുറിച്ചു് മന
ന്വേഷിച്ചറിയുന്നതിനും നിശ്ചയിച്ചു. അദ്ദേഹത്തോടുകൂടെ
ശ്വാസരോഗംകൊണ്ടു വലയുന്ന മിസ്സസ്സ് മൂഡിയും പോയി
വലിയ ഇംഗ്ലീഷ് പ്രസംഗികനായ സ്പർജന്റെ പ്രസംഗ
കേൾക്കുന്നതിനും, ജോർജ്ജുമുള്ളറിനെയും അദ്ദേഹത്തിന്റെ അ
നാഥശാലകളെയും കാണുന്നതിനും അദ്ദേഹം മുഖ്യമായി ത
ല്പര്യപ്പെട്ടു. അന്നു് മുഖ്യന്മാരായ ഏതാനും സണ്ടേസ്കൂൾ പ്ര
ർത്തകന്മാർക്കല്ലാതെ ഇംഗ്ലണ്ടിൽ മററു യാതൊരുത്തർക്കും മൂഡി

ഴപ്പററി അറിവുണ്ടായിരുന്നില്ല. എന്നാൽ ലണ്ടനിലും ബ്രി
ട്ടലിലും അദ്ദേഹം പ്രസംഗിക്കയും അതിൽനിന്ന നല്ല ഫല
ണ്ടാകയും ചെയ്തു.

1871-ൽ ഷിക്കാഗോ നഗരത്തിന തീ പിടിച്ചു. ത
ന്നിമിത്തം അദ്ദേഹത്തിന്റെ രണ്ടുകെട്ടിടങ്ങൾ കത്തിപ്പോയി.

സണ്ടേസ്കൂളിൽ പഠിച്ചു വരുന്ന അനേകായിരം കുട്ടിക
ളുടെ ചെറിയ ദാനങ്ങൾകൊണ്ടു് അദ്ദേഹത്തിന്റെ കെട്ടിടം
വീണ്ടും പണിയിക്കപ്പെട്ടു. ഇതിന്റെ ശേഷം ഇംഗ്ലണ്ടിലു
ള്ള വേദവിദ്യാർത്ഥികളിൽനിന്ന തിരുവെഴുത്തുകളെക്കുറിച്ചു കൂ
ടുതൽ പഠിക്കുവാൻ 1872-ൽ അദ്ദേഹം ഇംഗ്ലണ്ടിന പോയി.
ഈ യാത്രയിൽ യോഗങ്ങൾ നടത്തുവാൻ അദ്ദേഹം ഉദ്ദേശി
ച്ചിരുന്നില്ല. എന്നാൽ ലണ്ടനിലെ കോൺഗ്രിഗേഷനൽപ
ള്ളിയിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളിൽ ആത്മാവി
ന്റെ ശക്തി അധികമായി കാണപ്പെട്ടു. രക്ഷയെക്കുറിച്ചു് അ
റിവാൻ വാഞ്ഛിച്ചുകൊണ്ടു വളരെ ആളുകൾ പ്രസംഗം കഴി
ഞ്ഞ ശേഷം തിരക്കുമുറിയിൽ നില്ക്കുന്നുണ്ടായിരുന്നു. പി
റെറദിവസം അദ്ദേഹം അയർലണ്ടിലെ ഡബ്ലിൻ നഗരത്തി
ലേക്കു പോയി. എങ്കിലും മേല്പടി പള്ളിക്കാർ ഒരു അടിയ
ന്തിരക്കമ്പി കൊണ്ടു് അദ്ദേഹത്തെ തിരികെ വരുത്തി. അ
ദ്ദേഹം പത്തുദിവസം നടത്തിയ യോഗത്തിന്റെ ഫലമായി
അവിടെ നാന്നൂറു് ആളുകൾ സഭയോടു ചേർക്കപ്പെട്ടു. ഇവിടെ
നിന്നു് പല സ്ഥലങ്ങളിലേക്കു് അദ്ദേഹത്തിന ക്ഷണമുണ്ടാ
യെങ്കിലും ഒന്നും സ്വീകരിക്കാതെ അദ്ദേഹം അമേരിക്കയ്ക്കു
മടങ്ങി.

പിറേറ ആണ്ടിൽ രണ്ടു സ്നേഹിതന്മാരുടെ അപേക്ഷാനു
സരണം അദ്ദേഹം ഇംഗ്ലണ്ടിലേക്കു വന്നു. മിസ്റ്റർ സാങ്കിയും
അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു. യാത്രയ്ക്കു പണമയയ്ക്കാമെ
ന്ന സ്നേഹിതന്മാർ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും പണം അ
യച്ചില്ല. എങ്കിലും മി: മൂഡി മനസ്സുമടുക്കാതെ ആവശ്യമുള്ള
പണം കടം വാങ്ങിക്കൊണ്ടു് ഇംഗ്ലണ്ടിന പുറപ്പെട്ടു. അവിടെ
യെത്തിയപ്പോഴാണു് ആ സ്നേഹിതന്മാർ ഇരുവരും മരിച്ചു
പോയതായി അറിഞ്ഞതു്. അദ്ദേഹം പ്രസംഗിക്കേണ്ടതെവി
ടെയാണെന്നറിയാതെ കുഴങ്ങി എങ്കിലും യോർക്കിലെ വൈ.
എം. സി. ഏ. സെക്രട്ടറി മുമ്പു തനിക്കയച്ചിരുന്ന ക്ഷണ
ത്തിനേക്കുറിച്ചു് ഓർമ്മ വരികയാൽ സാങ്കിയോടുകൂടി അ

വപ്പററി അറിവുണ്ടായിരുന്നില്ല. എന്നാൽ ലണ്ടനിലും ബ്രി
ട്ടലിലും അദ്ദേഹം പ്രസംഗിക്കയും അതിൽനിന്ന നല്ല ഫല
ണ്ടാകയും ചെയ്തു.

1871-ൽ ഷിക്കാഗോ നഗരത്തിന തീ പിടിച്ചു. ത
ന്നിമിത്തം അദ്ദേഹത്തിന്റെ രണ്ടുകെട്ടിടങ്ങൾ കത്തിപ്പോയി.

സണ്ടേസ്കൂളിൽ പഠിച്ചുവരുന്ന അനേകായിരം കുട്ടിക
ടെ ചെറിയ ദാനങ്ങൾകൊണ്ട് അദ്ദേഹത്തിന്റെ കെട്ടിടം
വീണ്ടും പണിയിക്കപ്പെട്ടു. ഇതിന്റെ ശേഷം ഇംഗ്ലണ്ടിലു
ള്ള വേദവിദ്യാൎത്ഥികളിൽനിന്ന തിരുവെഴുത്തുകളെക്കുറിച്ചു കൂ
ടുതൽ പഠിക്കുവാൻ 1872-ൽ അദ്ദേഹം ഇംഗ്ലണ്ടിന പോയി.
ഈ യാത്രയിൽ യോഗങ്ങൾ നടത്തുവാൻ അദ്ദേഹം ഉദ്ദേശി
ച്ചിരുന്നില്ല. എന്നാൽ ലണ്ടനിലെ കോൺഗ്രിഗേഷനൽപ
ള്ളിയിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളിൽ ആത്മാവി
ന്റെ ശക്തി അധികമായി കാണപ്പെട്ടു. രക്ഷയെക്കുറിച്ച് അ
റിവാൻ വാഞ്ഛിച്ചുകൊണ്ടു വളരെ ആളുകൾ പ്രസംഗം കഴി
ഞ്ഞ ശേഷം തിരക്കമുറിയിൽ നില്ക്കുന്നുണ്ടായിരുന്നു. പി
റെറദിവസം അദ്ദേഹം അയർലണ്ടിലെ ഡബ്ലിൻ നഗരത്തി
ലേക്കു പോയി. എങ്കിലും മേല്പടി പള്ളിക്കാർ ഒരു അടിയ
ന്തിരകമ്പി കൊണ്ട് അദ്ദേഹത്തെ തിരികെ വരുത്തി. അ
ദ്ദേഹം പത്തുദിവസം നടത്തിയ യോഗത്തിന്റെ ഫലമായി
അവിടെ നാനൂറ് ആളുകൾ സഭയോടു ചേൎക്കപ്പെട്ടു. ഇവിടെ
നിന്ന് പല സ്ഥലങ്ങളിലേക്ക് അദ്ദേഹത്തിന ക്ഷണമുണ്ടാ
യെങ്കിലും ഒന്നും സ്വീകരിക്കാതെ അദ്ദേഹം അമേരിക്കയ്ക്കു
മടങ്ങി.

പിറെറ ആണ്ടിൽ രണ്ടു സ്നേഹിതന്മാരുടെ അപേക്ഷാനു
സരണം അദ്ദേഹം ഇംഗ്ലണ്ടിലേക്കു വന്നു. മിസ്റ്റർ സാങ്കിയും
അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു യാത്രക്കു പണമയക്കാമെ
ന്നു സ്നേഹിതന്മാർ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും പണം അ
യച്ചില്ല. എങ്കിലും മി: മൂഡി മനസ്സുമടുക്കാതെ ആവശ്യമുള്ള
പണം കടം വാങ്ങിക്കൊണ്ട് ഇംഗ്ലണ്ടിന പുറപ്പെട്ടു. അവിടെ
യെത്തിയപ്പോഴാണ് ആ സ്നേഹിതന്മാർ ഇരുവരും മരിച്ചു
പോയതായി അറിഞ്ഞതു്. അദ്ദേഹം പ്രസംഗിക്കേണ്ടതെവി
ടെയാണെന്നറിയാതെ കുഴങ്ങി എങ്കിലും യോൎക്കിലെ വൈ.
എം. സി. എ. സെക്രട്ടറി മുൻപു തനിക്കയച്ചിരുന്ന ക്ഷണ
ത്തിനേക്കുറിച്ച് ഓൎമ്മ വരികയാൽ സാങ്കിയോടുകൂടി അ

ങ്ങോട്ടു പുറപ്പെട്ടു. അഞ്ചാഴ്ചകളോളം അവർ അവിടെ യോഗ
നടത്തി. ജനങ്ങളുടെ താല്പര്യം വർദ്ധിച്ചുവർദ്ധിച്ചുവന്നു. ശുശ്രൂ
ഷ ആരംഭിക്കുന്നതിനു അരമണിക്കൂർ മുൻപുതന്നെ യോഗ
ശാല ആളുകളെക്കൊണ്ടു നിറഞ്ഞുപോൽ. കൂടാതെ അനേക
കർത്താവിനുവേണ്ടി തങ്ങളെത്തന്നെ നേർന്നുകൊടുക്കയും ചെയ്തു

---

# ന്യായവിധികൾ

സുവിശേഷപ്രസംഗംകൊണ്ടു് സഹസ്രാബ്ദം താനെ
ന്നുകൊള്ളുമെന്നും, അതിന്റെ പിന്നാലെ പൊതുവിലുള്ള
ഉയിർപ്പുണ്ടാകുമെന്നും, തദനന്തരം ന്യായവിധി പൊതുവി
നടക്കുമെന്നും, അതിന്റെ ശേഷം ഭൂമി അഗ്നികൊണ്ടു ദഹ
ച്ചു നശിച്ചുപോകേണ്ടതാണെന്നും കഴിഞ്ഞകാലത്തു ചിലർ
ഭിപ്രായപ്പെട്ടിരുന്നതു വേദാന്തസ്വതമല്ലെന്നു് ഇപ്പോൾ മി
വാറും പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു.

പൊതുവിലുള്ള ന്യായവിധി എന്നു ഒന്നുണ്ടാകുവാൻ
വൃത്തിയില്ല. കാരണം, ന്യായവിധിയിൽ ഒന്നു് ആകാ
ത്തിലും, (1 തെസ്സ 4: 16, 17; 2 കോരി. 5: 6_10) മറ്റെ
ന്നു ഭൂമിയിലും, (മത്താ. 25: 3_46) ആകാശവും ഭൂമിയും
ഒഴിഞ്ഞുപോകയാൽ മൂന്നാമതൊന്നു സ്വർഗ്ഗത്തിലും, (വെളി. 2
11—15) നടക്കേണ്ടിയിരിക്കുന്നു. വെവ്വേറായ ഈ മൂന്നു ന്യാ
യവിധികൾ മററപ്പൊതു ന്യായവിധിയായി മിശ്രപ്പെടുത
തിരിപ്പാൻ വ്യത്യസ്തമായ മൂന്നു സിംഹാസനങ്ങൾ ഓ
ന്യായവിധിക്കും പ്രത്യേകം ഉപയോഗപ്പെടുത്തുന്നതായി ത
വചനത്തിൽ പറയപ്പെട്ടിരിക്കുന്നു.

1. ക്രിസ്തുവിന്റെ ന്യായാസനം. 2 കോരി. 5: 10.
ത്തു് ആകാശത്തിൽ; വിശ്വാസികൾക്കായി മാത്രം.

2. തേജസ്സിന്റെ സിംഹാസനം. മത്താ 25: 31, 3
ഇതു ഭൂമിയിൽ; ജാതികൾക്കായിട്ടു്.

3. വലിയ വെള്ള സിംഹാസനം. വെളി. 20: 11. 1
ഇതു സ്വർഗ്ഗത്തിൽ; മരിച്ചുപോയ ദുഷ്ടന്മാർക്കു്.

അന്യോന്യം ഭേദപ്പെട്ട അഞ്ചു ന്യായവിധികളെപ്പ
തിരുവെഴുത്തുകൾ പറയുന്നു. അഞ്ചു സംഗതിയിൽ അവ

...പ്രകാരം ഭേദപ്പെട്ടിരിക്കുന്നു. 1 കക്ഷികൾ. 2 സമയം. 3. സ്ഥ
...ം. 4 വിധിക്കുള്ള പ്രമാണം. 5 ഫലം.

## ന്യായവിധി നമ്പർ 1.

(1) കക്ഷികൾ=വിശ്വാസികൾ, പാപികൾ എന്നുള്ള ...ൻനിലയിൽ. (2) സമയം=എ. ഡി. 30. (3) സ്ഥലം=കാൽ ...റി. (4) വിധിപ്രമാണം=ക്രിസ്തുവിന്റെ നിറവേറിയ വീ ...ണ്ടെടുപ്പിൻ പ്രവൃത്തി. (5) ഫലം=1 ക്രിസ്തുവിന്റെ മരണം. 2 വിശ്വാസിക്കു നീതീകരണം.

ഈ ന്യായവിധികഴിഞ്ഞുപോയി. ഇതിന്റെ ഫലത്തെ ...റിച്ചുള്ള വേദതെളിവുകൾ: റോമ. 10: 4; റോമ. 8: 1, 2; ...യോഹ 5: 24. വിശ്വാസികൾക്കുള്ള ഈ ന്യായവിധി മൂന്നാത ...ത്തിലാണെന്നു മറന്നുപോകരുത്. 1) പാപി എന്ന മുറയ്ക്കു് 2) പുത്രൻ എന്ന മുറയ്ക്കു്. 3) ദാസൻ എന്ന മുറയ്ക്കു്. മുക ...ളിൽ കാണിച്ചതുപോലെ പാപി എന്ന മുറയ്ക്കു വിശ്വാസിക്കു ...ള്ള ന്യായവിധി കാൽവറി ക്രൂശിൽ തീർന്നുകഴിഞ്ഞു. ഇനിയും പുത്രൻ എന്ന മുറയ്ക്കു വിശ്വാസിക്കുള്ള ന്യായവിധിയെക്കുറി ...ച്ച ചിന്തിക്കാം.

പാപി തന്റെ രക്ഷിതാവായി യേശുക്രിസ്തുവിനെ കൈ ...ക്കൊണ്ടുകഴിഞ്ഞയുടൻ, പാപത്തെക്കുറിച്ചുള്ള പ്രശ്നത്തിൻ സ ...മാധാനമുണ്ടാകുന്നു. കാരണം, നമ്മുടെ അകൃത്യം യേശുവി ...ന്മേൽ വയ്ക്കപ്പെട്ടിരിക്കയാൽ അതു് നമ്മുടെ മേൽ ഇല്ല. യെശ. 53: 5, 6. എന്നാൽ പാപം എന്നുള്ളതും പാപങ്ങൾ എന്നുള്ള ...തും വിഭിന്നങ്ങളായ രണ്ടു സംഗതികളാണ്. പാപത്തിനു ...പരിഹാരം വരുത്തുവാൻ അതായതു് ഏദനിൽവച്ചുണ്ടായ ...ആദാമിന്റെ അനുസരണക്കേടിനു നൽകപ്പെട്ട ശിക്ഷയെ പ ...രിഹരിപ്പാൻ ക്രിസ്തു ക്രൂശിൽ മരിച്ചു. പാപം എന്നുള്ളതു ...പ്രകൃത്യാ മനുഷ്യനു കെട്ടുമതി വരുത്തിയിരിക്കുന്ന ദോഷ ...ത്തിലേക്കുള്ള ചായ്‌വുതന്നെ. പാപങ്ങൾ എന്നുള്ളതു് ദോ ...ഷത്തിലേക്കുള്ള നമ്മുടെ ചാച്ചിനാലുണ്ടാകുന്ന പാപപ്ര ...ത്തികളാണ്. ഇവയെ പ്രതിദിനം ദൈവസന്നിധിയിൽ ...ഏറ്റു പറഞ്ഞു പരിഹാരം നേടിക്കൊള്ളേണ്ടതാകുന്നു 1 യോ ...ഹ. 2: 1; 1: 9.

പുത്രന്മാരെന്ന മുറയ്ക്കു നമുക്കുണ്ടാകുന്ന ന്യായവിധി വ ...റുപറയപ്പെടാത്ത പാപങ്ങൾ നിമിത്തമാണ്. ഇതിനു...

ങ്ങി ബാലശിക്ഷ നമുക്കുണ്ടാകുന്നു. ഇതിനാൽ ഓരോ ക്രിസ്ത്യാ
നിയും കുലടേയനല്ലെന്നു സ്പഷ്ടീഭവിക്കുന്നു. എബ്രാ. 12:5_1

1 കോരി. 11: 31, 32. ഈ വാക്യങ്ങളിൽ പൗലൊസ
ഇങ്ങിനെ പറയുന്നു. "നാം നമ്മെത്തന്നെ വിധിച്ചാൽ വിധി
ക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലൊ നാം ലോക
ത്തോടുകൂടി ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്
കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു." അതിനാൽ
പുത്രന്മാരെന്ന മുറയ്ക്കു നാം ആത്മപരിശോധന ചെയ്കയു
നമ്മുടെ പാപങ്ങളെ ഏറ്റുപറകയും മേൽ ബാലശിക്ഷയുണ്ടാ
കാതിരിക്കത്തക്കവണ്ണം സൂക്ഷിക്കയും ചെയ്യേണ്ടതാകുന്നു.

ദാസൻ എന്ന മുറയ്ക്കു വിശ്വാസി വേറൊരു ന്യായവി
ധിയിൽ കടക്കേണ്ടതായിവരുന്നു. അതായതു്;

## ന്യായവിധി നമ്പർ 2.

(1) കക്ഷികൾ=വിശ്വാസികൾ, പ്രവർത്തിക്കുന്നവർ എ
ന്ന നിലയിൽ (2) സമയം=സഭ എടുത്തുകൊള്ളപ്പെട്ടനന്തരം
(3) സ്ഥലം=ആകാശത്തിലുള്ള ക്രിസ്തുവിന്റെ ന്യായാസനം
(4) വിധിപ്രമാണം=വിശ്വാസികളുടെ പ്രവൃത്തികൾ (5) ഫ
ലം=പ്രതിഫലം അല്ലെങ്കിൽ ചേതം. ഈ ന്യായവിധി വരു
വാനിരിക്കുന്നതേ ഉള്ളു. 2 കോരി 5: 10. 2 കോരിന്തി അ
ഞ്ചാമദ്ധ്യായത്തിൽ "നാം" എന്നുള്ള വാക്കു് 26 പ്രാവശ്യം വരു
ന്നുണ്ടു്. അതെല്ലാം വിശ്വാസിയെ ഉദ്ദേശിക്കുന്നതാണു്. ലേ
ഖനമെഴുതിയിരിക്കുന്നതു സഭയിലുള്ള വിശുദ്ധന്മാർക്കാണല്ലോ
അതുകൊണ്ടു വിശ്വാസികൾക്കു മാത്രമുള്ളതത്രെ ഈ ന്യായവി
ധി. കർത്താവു വരുമ്പോൾ ഇതു നടക്കുന്നു. 1 കോരി 4:5 സ്ഥലം
ആകാശത്തിൽ 1 തെസ്സ-4:17-ക്രിസ്തുവിന്റെ ന്യായാസന
ത്തിൻമുമ്പാകെ. ഈ ന്യായവിധി, കക്ഷി കുറ്റക്കാരനോ നിർ
ദ്ദോഷിയോ എന്നറിവാനുള്ളതല്ല, കാരണം, രക്ഷിക്കപ്പെട്ടവ
ർക്കു മാത്രമുള്ള ന്യായവിധിയാണിതു്, ഇതിൽ താരതമ്യം നോ
ക്കി പ്രതിഫലം നൽകുന്ന നടപടി മാത്രമെ ഉള്ളു. 1 കോരി.
9: 24_27വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ഏവംവിധമു
ള്ള ഒരു കാഴ്ചയാണു വിവരിക്കുന്നതു്.

"യേശുക്രിസ്തു എന്നു ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ
മറ്റൊന്നു് ഇടുവാൻ ആർക്കും കഴികയില്ല ആ അടിസ്ഥാന

...ിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയകല്ല്, ...ം, പുല്ല്. വയ്ക്കോൽ എന്നിവ പണിയുന്നുവെങ്കിൽ അവ ...വന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ ...ളിവാക്കും. അതു തീയോടെ വെളിപ്പെട്ടുവരും; ഓരോരുത്ത ...ന്റെ പ്രവൃത്തി ഇന്നവിധമെന്നു തീ തന്നെ ശോധനചെയ്യും. ഒ ...ത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവനു ...തിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ ...വന്നു ചേതംവരും, താനോ രക്ഷിക്കപ്പെടും, എന്നാൽ തീ ...യിൽക്കൂടി എന്നപോലെ അത്രേ" 1 കൊരി 3:11-15 ഈ ...രിശോധനയിൽ കഥയില്ലാത്ത പ്രവൃത്തികൾ നഷ്ടീഭവിക്ക ...ം അല്ലാത്തവയ്ക്കു പാരിതോഷികം ലഭിക്കയും ചെയ്യും. ...കിരീടം ലഭിക്കുന്നതു് ഈ ഘട്ടത്തിലാണു്. അഞ്ചുകിരീടങ്ങ ...ളെപ്പറ്റി പുതിയനിയമം പറയുന്നുണ്ടു്.

(1) ജീവന്റെകിരീടം. ഇതു് രക്തസാക്ഷികൾക്കുള്ള കി ...രീടമാണു്. ഇതിനെപ്പറ്റി രണ്ടു സ്ഥലത്തു പറഞ്ഞുകാണുന്നു. ...യാക്കോ 1:12 വെളി 2:10 ഈ വാക്യങ്ങൾ നോക്കുക.

(2) തേജസ്സിന്റെ കിരീടം. ഇതു് മൂപ്പന്മാർക്കു് അഥവാ ...ഇടയന്മാർക്കുള്ള കിരീടമാണു്. 1 പത്രൊ 5:2-4.

(3) പ്രശംസാകിരീടം. ഇതു് ആത്മാക്കളെ ആദായപ്പെ ...ടുത്തുന്നവർക്കുള്ള കിരീടമാണു്. 1 തെസ്സ 2:19, 20 ഫിലിപ്പി. ...4:1.

(4) നീതിയുടെ കിരീടം. ഇതു പ്രത്യക്ഷതയെ സ്നേഹി ...ക്കുന്നവർക്കുള്ള കിരീടമാണു്. 2 തിമൊ 4:8.

(5) വാടാത്തകിരീടം. ഇതു് ജയിക്കുന്നവർക്കു് അതായതു് ...ന്റെ ശരീരത്തെ ഒതുക്കി കീഴ്പ്പെടുത്തുന്നവർക്കുള്ള കിരീട ...മാണു്.

---

നാം തനിച്ചിരിക്കുമ്പോൾ നമ്മുടെ വിചാരങ്ങളെ സൂ ...ക്ഷിക്കണം; കുടുംബത്തിൽ നമ്മുടെ കോപത്തെ സൂക്ഷിക്ക ...ണം. കൂട്ടത്തിൽ നമ്മുടെ നാവിനെ സൂക്ഷിക്കണം.

---

# ധ്യാനമഞ്ജരി.

## പുറപ്പാടുപുസ്തകം.

(C. H. M.)

---

മേല്പറഞ്ഞ സംഗതികൾ ആലോചിക്കുന്നപക്ഷം ക്രിസ്തു
വിന്റെ ഓരോ ഭൃത്യനും "മരുഭൂമിക്ക്" അപ്പുറത്തുള്ള വാ
ണ്ഡലം എത്രയും ഹിതകരമായിരിക്കുമെന്ന് തെളിവാണ്
നിക്കുവേണ്ടി പ്രവൃത്തിക്കാൻ ദൈവം അയയ്ക്കുന്ന എല്ലാ
ടും യാത്രയ്ക്കുള്ള യഥാർത്ഥമായ പ്രാരംഭസ്ഥാനം ഹോറേബത്രേ
ചെരിപ്പ് ഊരികളയുന്നതിനും മുഖം മറയ്ക്കുന്നതിനും മോ
ഠിച്ചത് അവിടെവച്ചായിരുന്നു. നാല്പതു വർഷങ്ങൾക്കു
ർപുതന്നെ അവൻ വേലയ്ക്കായി പുറപ്പെട്ടിരുന്നു. എന്നാ
ത്ത സംരംഭം കാലത്തിനു മുൻപായിരുന്നു. ജഡത്തെ കീഴ്
ത്തുന്നതായി ദൈവത്തിൻപർവ്വതത്തിലുള്ള ഏകാന്തസ്ഥലത്തു
എരിയുന്ന മുൾപ്പടർപ്പിൽനിന്നുമത്രേ, "നീ എന്റെ ജനമാ
യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിക്കേണ
തിന്ന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും
വാക്യം 10) എന്നുള്ള ദൈവനിയോഗം ഭൃത്യന്റെ ചെവി
ളിൽ വീണതു്. വാസ്തവമായ അധികാരം ഇവിടെയത്രേ
ദൈവം ഒരു മനുഷ്യനെ അയയ്ക്കുന്നതും അയയ്ക്കപ്പെടാതെ ഒ
നുഷ്യൻ ഓടിപ്പോകുന്നതും തമ്മിൽ വലുതായ അന്തരമുണ്ട്
എന്നാൽ ആദ്യമായി അവൻ പ്രവർത്തിക്കാൻ തുടങ്ങിയപ്പോ
ം അതിനു വേണ്ട പാകം അവനു വന്നിട്ടില്ലായിരുന്നുവെന്
ള്ളതു വളരെ സ്പഷ്ടമാണ്. നാല്പതു വർഷത്തെ രഹസ്യ
ിശീലനം അവന് ആവശ്യമായിരുന്നുവെങ്കിൽ അതു കൂട
ത അവനു മുമ്പോട്ടുപോകുവാൻ എങ്ങനെ കഴിയുമായിരുന്നു
തീരെ അസാദ്ധ്യംതന്നെ. അവൻ ദൈവികമായി അഭ
സിപ്പിക്കപ്പെടുകയും ദൈവത്താൽ നിയോഗിക്കപ്പെടുകയു
വേണ്ടിയിരുന്നു. ക്രിസ്തുവിനുവേണ്ടി ശുശ്രൂഷ ചെയ്കയും സ
ക്ഷ്യംപറകയും ചെയ്യുന്ന പന്ഥാവിൽകൂടി ചരിക്കുന്ന എല്ല
രും അങ്ങിനെ വേണ്ടതാണ്". ഹാ! നമ്മുടെ എല്ലാ പ്ര
ത്തികളും യജമാനന്റെ അധികാരമുദ്രയും അനുമതിയും ഉണ്ട
ിരിക്കത്തക്കവണ്ണം ഈ വിശുദ്ധ പാഠങ്ങൾ നമ്മുടെ ഹൃദ
ങ്ങളിലെല്ലാം ആഴമായി കൊത്തപ്പെട്ടിരുന്നെങ്കിൽ നന്നായി
രുന്നു.

എങ്കിലും ഹോറേബു പർവ്വതത്തിൻെറ ചുവട്ടിൽ ഏതാ
പാഠങ്ങൾ ഇനിയും പഠിക്കേണ്ടതായി നമുക്കുണ്ടു്. ഈ
ഥലത്തു താമസിച്ചു പഠിക്കുന്നതു് കാലോചിതമെന്നു് ഒരു
മാവു കാണുന്നു. "ഇവിടെ ഇരിക്കുന്നതു നല്ലതു്." ദൈവ
സാന്നിദ്ധ്യം എപ്പോഴും ആഴമായ അനുഭവത്തെ നൽകുന്ന ഒരു
ഥലമാകുന്നു. ഹൃദയം അവിടെ തുറന്നുവയ്ക്കപ്പെടുമെന്നുള്ളതു
ിശ്ചയംതന്നെ. ആ വിശുദ്ധസ്ഥലത്തു പ്രകാശിക്കുന്ന വെ
ിച്ചം എല്ലാവറ്റെയും സുസ്പഷ്ടമാക്കുന്നു. നമ്മുടെ ചുററും
ാണുന്ന കഥയില്ലാത്ത നാട്യങ്ങളുടേയും നിശബ്ദത്തിൻെറയും
ാനസികമായ മിഥ്യാതൃപ്തിയുടെയും മദ്ധ്യേ ഇതു് അത്ര വള
ര ആവശ്യപ്പെട്ട ഒന്നുതന്നെ ആകുന്നു.

മോശയ്ക്കു ദൈവനിയോഗമുണ്ടായ അതേ ക്ഷണത്തിൽ
ഇതാ! ഞാൻ" എന്നോ, "കർത്താവേ, ഞാൻ എന്തുചെയ്യാൻ
ിനക്കു മനസ്സായിരിക്കുന്നു" എന്നോ മോശ മറുപടി പറ
തുകാണുമെന്നായിരിക്കാം നാം വിചാരിക്കുന്നതു്. എന്നാൽ
ങ്ങിനെയല്ല. ഇമ്മാതിരി ഒരുത്തരം പറയുന്ന നിലയിൽ
വൻ ഇനിയും കൊണ്ടുവരപ്പെടേണ്ടിയിരിക്കുന്നു. അവൻെറ
ുമ്പിലത്തെ തോൽവിയുടെ ഓർമ്മയാൽ സംശയരഹിതമാംവ
ണ്ണം അവൻ ബാധിക്കപ്പെട്ടു. ദൈവത്തെക്കൂടാതെ മനുഷ്യൻ
എന്തെങ്കിലും പ്രവർത്തിക്കുന്നെങ്കിൽ ദൈവം അവനെ ഭയ
പ്പാൽതന്നെയും അധൈര്യപ്പെട്ടുപോകുമെന്നുള്ളതു തീർച്ചയാ
ണു്. "മോശെ ദൈവത്തോടു്" ഫറവോൻെറ അടുക്കൽ പോ
കുവാനും ഇസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവി
പ്പാനും ഞാൻ എന്തുമാത്രമുള്ളു എന്നു പറഞ്ഞു. (പുറ-3:11)
നാല്പതു വർഷങ്ങൾമുൻപു് "ദൈവം താൻമുഖാന്തരം അവർക്കു
രക്ഷ നല്കും" എന്നു വിചാരിച്ച ആ മോശയ്ക്കു് ഈ മോശ
യോടു യാതൊരു സാമ്യവും ഇല്ലായിരുന്നു. ഒരിക്കൽ വലിയ
ദ്രുതഗതിക്കാരനും പിന്നൊരിക്കൽ വളരെ മന്ദഗാമിയുമായിരു
ന്നു ഈ മനുഷ്യൻ. മിസ്രയീമ്യനെ അടിച്ചുകൊന്ന ദിവസം
മുതൽ ഈ മോശ വളരെ പാഠങ്ങൾ പഠിക്കയുണ്ടായി. തൽ
ഫലമായി മോശ തന്നെക്കുറിച്ചുള്ള അറിവിൽ വളരെ അഭി
വൃദ്ധിപ്പെട്ടു. ഇതിനാൽ, അവന്നു് അധൈര്യവും ഭീരുത്വ
വും ഉണ്ടായി. എങ്കിലും അതിൽപിന്നീടു് ദൈവത്തി
ലുള്ള ആശ്രയം അവൻ വളരെ കുറഞ്ഞു. ഞാൻ എ
ത്തിൽ മാത്രം നോക്കുന്നതായാൽ ഞാൻ "ഒന്നുംതന്നെ" ചെയ്യ

യില്ല. എന്നാൽ ക്രിസ്തുവിനെ ഞാൻ നോക്കുന്നപക്ഷം "എ
നിക്കെല്ലാം ചെയ്വാൻ കഴിയും." ഏവംവിധം അധൈര്യവു
ഭീരുതാവും, ഞാൻ ആരാകുന്നു എന്നിങ്ങനെ പറവാൻ മോശ
യെ പ്രേരിപ്പിച്ചപ്പോൾ "നിശ്ചയമായി ഞാൻ നിന്നോടുകൂടി
ഇരിക്കും" എന്നായിരുന്നു ദൈവത്തിന്റെ മറുപടി. ഈ മ
റുപടി കാര്യസിദ്ധിക്കു ധാരാളം മതിയായിരുന്നു. ദൈവം എ
ന്നോടുകൂടിയുണ്ടെങ്കിൽ ഞാൻ ആർ? എന്തു്? എന്നുള്ളവ കേ
വലം നിസ്സാരപ്രശ്നങ്ങളാണ്. ഞാൻ നിന്നെ അയയ്ക്കും
ഞാൻ നിന്നോടുകൂടെ ഇരിക്കും. എന്നിങ്ങനെ ദൈവം പറയു
മ്പോൾ ദൈവഭൃത്യന്നു ദൈവാധികാരവും ദൈവശക്തിയു
സമൃദ്ധിയായി ലഭിക്കുന്നു. അതുകൊണ്ടു അവൻ പൂർണ്ണതൃപ്തന
യിത്തന്നെ പുറപ്പെടേണ്ടതാകുന്നു.

എന്നാൽ മോശ വേറൊരു ചോദ്യം കൂടി ചോദിക്കുന്നു
കാരണം മനുഷ്യഹൃദയം ചോദ്യങ്ങൾകൊണ്ടു നിറഞ്ഞതാണല്ലോ
ഇരിക്കുന്നതു്. "മോശ ദൈവത്തോടു്; ഞാൻ ഇസ്രായേൽ മക്ക
ളുടെ അടുക്കൽ ചെന്നു് നിങ്ങളുടെ പിതാക്കന്മാരുടെ ദൈവ
എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയു
മ്പോൾ അവന്റെ നാമം എന്തെന്നു അവർ എന്നോടു ചോ
ദിച്ചാൽ ഞാൻ അവരോടു് എന്തു പറയേണം എന്നു ചോദി
ച്ചു" (3:13) സംശയരഹിതമായ അനുസരണം ദൈവത്തിനു
കാണിക്കേണ്ടിയിരിക്കുമ്പോൾ മനുഷ്യഹൃദയം ന്യായവാദം ചെ
യ്യുകയും ചോദ്യങ്ങൾ ചോദിക്കയും ചെയ്യുന്നതായി കാണുന്നതു
അത്ഭുതകരമാകുന്നു. എന്നാൽ കൃപ എല്ലാ ന്യായവാദങ്ങളെ
യും അംഗീകരിക്കയും എല്ലാ ചോദ്യങ്ങൾക്കും മറുപടി പറ
കയും ചെയ്യുന്നതു് ഇതിലും അധികമായ അത്ഭുതമാകുന്നു. ഓ
രോ ചോദ്യവും ദൈവകൃപയുടെ ഏതെങ്കിലും ഒരു പുതിയ ഗു
ണത്തെ പ്രകാശിപ്പിക്കുന്നതായി മാത്രം കാണുന്നു.

"അതിന്നു ദൈവം മോശയോടു; ഞാൻ ആകുന്നവ
ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നി
ങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ ഇസ്രാ
യേൽ മക്കളോടു പറയേണമെന്നു കല്പിച്ചു" (3: 14) ഈ വാ
ക്യത്തിൽ ദൈവം തനിക്കായി എടുത്തിരിക്കുന്ന നാമധേയ
വിസ്മയകരമായ അർത്ഥമുള്ളതാകുന്നു. തിരുവെഴുത്തുകൾ നോക്ക
മ്പോൾ ദൈവം അംഗീകരിച്ചിരിക്കുന്ന വിവിധനാമങ്ങൾ
തനിയ്ക്കുള്ളവരുടെ പലതരമായ ആവശ്യങ്ങളോടു വളരെ അ

ത്ത ബന്ധമുള്ളവയായി കാണുന്നു. 'യഹോവയിരെ, (ദൈവം ദൃതികൊള്ളും) യഹോവ നിസ്സി (ദൈവം എന്റെ കൊടി) യഹോവശാലോം (ദൈവം സമാധാനം അയയ്ക്കുന്നു) യഹോവ ിഡ്കെനു (യഹോവ നമ്മുടെ നീതി) അവന്റെ കൃപ നി ഞ്ഞ എല്ലാ സ്ഥാനപ്പേരുകളും അവന്റെ ജനത്തിന്റെ ആ ശ്യപരിഹാരം ചെയ്യുന്നതിനു വേണ്ടി വെളിപ്പെടുത്തപ്പെ ിരിക്കുന്നു. "ഞാൻ ആകുന്നവൻ" എന്നു് അവൻ തന്നെത്താൻ ിളിക്കുമ്പോൾ അതിൽ അവൻ സകലത്തെയും അടക്കിയി ിക്കുന്നു. യഹോവ ഈ പേരെടുത്തപ്പോൾ ഏതെങ്കിലും തുക വെച്ചു പൂരിപ്പിക്കുന്നതിനായി എഴുതാത്ത ഒരു ചെക്ക് ത ന്റെ ജനത്തിനു് അവൻ നൽകുകയാണു ചെയ്തതു്. ഞാൻ ആകുന്നവൻ, എന്നു് അവൻ തന്നെത്താൻ വിളിച്ചിട്ടുള്ളതി നാൽ അവർണ്ണനീയമാം വണ്ണം വിലയേറിയ ആ നാമത്തി ന്റെ എതിർഭാഗത്തു് നമുക്കു് ആവശ്യമുള്ള എന്തിന്റെ എ ങ്കിലും പേർ വിശ്വാസം എഴുതുക മാത്രം ചെയ്താൽ മതിയാ കുന്നതാണു്. വിലയുള്ള അഥവാ കാര്യമായ അക്കം ദൈവം മാത്രമാകുന്നു. മനുഷ്യൻ തന്റെ ആവശ്യത്തിനു വേണ്ട പൂജ്യ ങ്ങൾ ചേർത്തുകൊള്ളാം. (തുടരും)

## വേദവിദ്യാർത്ഥികൾക്കു ചില ചോദ്യങ്ങൾ.

1 മാനമുള്ള രണ്ടു വലിയമ്മമാരെക്കുറിച്ചു ബൈബിളിൽ പറഞ്ഞിട്ടുണ്ടു്. അതു് എവിടെയാണു്?

2 മരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ചു് ഒരു രാജാവു കര ഞ്ഞതു് എപ്പോൾ?

3 ഒരപ്പനും മകനും സുഗന്ധവർഗ്ഗമിടപ്പെട്ടതായി വായി ക്കുന്നതു് എവിടെ?

4 ഭക്ഷണസമയത്തു് പുത്രനെ കൊല്ലുവാൻ ശ്രമിച്ചതാർ?

5 വെള്ളത്തേക്കാൾ ഇരുമ്പിനു ഘനം കുറഞ്ഞു എന്നു കാ ണുന്ന വാക്യം ഏതു്?

6 ബൈബിളിൽ പറഞ്ഞിട്ടുള്ള ഒന്നാമത്തെ ആത്മഹ ത്യ ഏതു്?

7 ദൂതനെ വൈരാഗ്യപ്പെടുത്തരുതെന്ന് ആര്? ആരോ
ട്? എപ്പോൾ പറഞ്ഞു?

ഈ ചോദ്യങ്ങൾക്ക് ഉത്തരം എഴുതി അയക്കുന്നവർ വി
യോജിതൻ ആഫീസിലേക്ക് എഴുതി അയയ്ക്കുക.

---

## യോനായും കടലാനയും.

(Translated by K *M. Thomas.)

പഴയ നിയമഗ്രന്ഥത്തിൽ ഉഗ്രനിരൂപകന്മാരും, നാസ്തി
കന്മാരും സാധാരണ ചൂണ്ടിക്കാണിക്കുന്നതും, സംശയം തീർ
ക്കുന്നതിന് പ്രയാസമുള്ളതുമായ പല ഭാഗങ്ങളുണ്ട്. എങ്കിലും മുൻ
വിധികൂടാതെ ആലോചിച്ചാൽ അവ എളുപ്പത്തിൽ തെളി
ഞ്ഞുകിട്ടുന്നതാണ്. യോനായുടെ പുസ്തകത്തിലുള്ള പല ഭാ
ങ്ങളും ഇക്കൂട്ടത്തിൽ പെട്ടവതന്നെ. വിഷമം തോന്നിക്കുന്നവ
യാണെങ്കിലും, വിചിന്തനക്കൂടാതെ ഈ വേദാംശങ്ങൾ തള്ളി
ക്കളവാൻ പാടില്ലാത്തതാകുന്നു.

യോനാ എന്നൊരു മനുഷ്യനെ ഒരു മഹാമത്സ്യം വിഴുങ്ങി
യെന്നും, അവൻ ആ ജന്തുവിന്റെ ഉള്ളിൽ മൂന്നുപകലും മൂന്നു
രാത്രിയും ഇരുന്നുവെന്നും, അനന്തരം അത് അവനെ കരയിൽ
കൊണ്ടുവന്നു ഛർദ്ദിച്ചുവെന്നും ഉള്ള സംഗതികൾ വിശ്വസി
ക്കുന്നതിന് ഉപരിപ്ലവബുദ്ധികളും അവിശ്വാസികളുമായ നി
രൂപകന്മാർക്കു വളരെ പ്രയാസമുണ്ട്.

ഒന്നാമതായി, ഇതിനു പറവാനുള്ളമറുപടി, യേശുക്രിസ്തു
വിൽ പരമാർത്ഥവിശ്വാസമുള്ള ഒരാൾ ഈ സംഭവത്തെ സം
യിക്കയില്ല എന്നാണ്. കാരണം യേശുതന്നെ ഈ തൽവിഷ
ത്തെ സംബന്ധിച്ച് ഉറപ്പായ പ്രസ്താവന ചെയ്യുന്നുണ്ട്. എ
നെയെന്നാൽ, "യോനാ കടലാനയുടെ വയറ്റിൽ മൂന്നുരാ
മൂന്നുപകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും
ന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും." മത്താ. 12:40.
ത്തൊരു സങ്കല്പകഥ അല്ലെങ്കിൽ ഉപമയാണെന്നുള്ള അഭി
യത്തെ നിശ്ശേഷം ഇല്ലാതെയാക്കുകയാകുന്നു കർത്താവ് ഈ
ടെ ചെയ്യുന്നതു്. എന്തെന്നാൽ യോനാ കടലാനയുടെ വ
റ്റിൽ മൂന്നുരാവും മൂന്നുപകലും വസിച്ചു എന്നുള്ളത് കല്പി

ഥയാണെങ്കിൽ യേശുക്രിസ്തു ഭൂമിക്കുള്ളിൽ മൂന്നുരാവും മൂന്നുപ
ലും ഇരുന്നുവെന്നുള്ളതും ഒരു കല്പിതകഥയാണെന്നു വാദിക്കാ
െ ഗത്യന്തരമില്ല. പഴയനിയമകഥകളിൽ ഏതെങ്കിലും ഒ
ു ത്യജിക്കുന്നതു്, പുതിയനിയമത്തിലെ ക്രിസ്തുവിന്റെ വാ
കളേയൊ ക്രിസ്തുവിനെതന്നെയോ ത്യജിക്കുകയാണെന്നുള്ള
ിന്നു് ഇതൊരു ഉത്തമദൃഷ്ടാന്തമാണു്.

നമ്മുടെ കർത്താവു് ഉപയോഗിച്ചതു് 'കടലാന' എന്നു
ർജ്ജമചെയ്തിട്ടുള്ളതുമായ കീറ്റോസ് (Keetos) എന്ന ഗ്രീക്കു
ദത്തിന്റെ ശരിയായ തർജ്ജമ ഒരു മഹാജലചരം
seamonster) എന്നാണു്. ആ പ്രവാചകനെ വിഴുങ്ങിക്കളെ
ത്തതു് ഒരു whale=തിമിംഗലം ആയിരുന്നുവെന്നു യോനയു
ടെ പുസ്തകത്തിലെങ്ങും കാണുന്നില്ല. അതുകൊണ്ടു് ആ
മഹാമത്സ്യം ഒരു തിമിംഗലം ആയിരുന്നുവെന്നോ അല്ലായിരു
ന്നുവെന്നോ ശഠിക്കുന്നതിൽ അർത്ഥമില്ല. അജ്ഞാനികളായ
ചില നാസ്തികന്മാർ "ഒരു തിമിംഗലത്തിന്റെ കഴുത്തി
ന്റെ വലിപ്പം" എന്നും മററും പറഞ്ഞു, കൊണ്ടുവരുന്ന ആ
ക്ഷേപങ്ങൾ അസ്ഥാനത്തിലാണെന്നു് 'മഹാമത്സ്യം' എന്ന
പദം സ്പഷ്ടമാക്കുന്നു.

യോനാ 1:17-ൽ, "യോനയെ വിഴുങ്ങേണ്ടതിനു യഹോ
വ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു" എന്നു് വാ
ക്യം കാണുന്നു. ഇതിനു മൂലഭാഷയിൽ കാണുന്ന വാക്കു് മാനാ
(manah) എന്നാണു്. അതിനു 'ഒരുക്കിയിരുന്നു' (Prepared)
എന്നു ചിലടത്തു തർജ്ജമകാണുന്നുണ്ടു്. അതിന്റെ ശരിയായ
വാക്കു് 'നിയോഗിക്കുക' (to appoint) എന്നാണു്. അതിനാൽ
സൃഷ്ടികർത്താവായ യഹോവ യോനായെ ഒരു നല്ല പാഠം പഠി
പ്പിക്കുന്നതിനുള്ള ഉപകരണമായും, യഹൂദന്മാർക്കു ക്രിസ്തുവി
ന്റെ ഉയിർപ്പിനെ കാണിക്കുന്ന ഒരു അടയാളമായും, ഒരു കടൽ
ജന്തുവിനെ തിരഞ്ഞെടുത്തു് നിയോഗിച്ചുവെന്നാണു് ഈ ഭാ
ഗത്തിന്റെ അർത്ഥം.

പക്ഷേ, അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ജന്തു ഒരുവക തി
മിംഗലമായിരുന്നുവെന്നും വന്നേക്കാം. സൂക്ഷ്മപരിശോധനാ
ഫലം പറയുന്നതായാൽ, ഒരു തിമിംഗലത്തിന്റെ ശരീരഘ
ടനയിൽ, ഒന്നോ രണ്ടോ അതിലധികമോ മനുഷ്യരെ വിഴു
ങ്ങുന്നതിനു ബാധകമായി യാതൊന്നും ഇല്ലതന്നെ.

അടുത്തകാലത്തു ജീവിച്ചിരുന്ന ആളും "തിമിംഗല
പ്പൽ" (The cruise of the Cachalot) എന്ന ഗ്രന്ഥത്തിൻ
കർത്തായിതാവുമായ മി: ഫ്രാൻക്‌ബുള്ളൻ എഫ്. ആർ. ജി
എസ്സ്. എന്ന മഹാൻ, എഴുപതടി നീളമുള്ളതും അതിനനു
വലിപ്പമുള്ളതുമായ ഒരു തിമിംഗലത്തെ പിടിക്കുന്നതി
താൻകൂടി സഹായിച്ചിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. ഈ
മിംഗലകപ്പലിൻെറ കപ്പിത്താൻ ഒരു തിമിംഗലത്തിനു 1
ടൺ (33600 റാത്തൽ) ഭാരമുള്ളതായി കണക്കാക്കിയിട്ടുണ്ട്
ഒരു സന്ദർഭത്തിൽ ഒരു വലിയതരം തിമിംഗലത്തിൻെ
ഉള്ളിൽ 15 അടി നീളമുള്ള ഒരു 'സ്രാക്' കാണപ്പെട്ടു.
നാ ആ സ്രാകിനേക്കാൾ വലിയതല്ലായിരിക്കുമെന്നു ഞാ
ഊഹിക്കുന്നു. യോനായെ മത്സ്യം വിഴുങ്ങിയശേഷം കരയി
കൊണ്ടുവന്നു ഛർദ്ദിച്ചതുപോലെ. വലിയതരം തിമിംഗലങ്ങ
പാകാൻ തുടങ്ങുമ്പോൾ തങ്ങളുടെ ഉള്ളിലുള്ളവയെ കരയി
കൊണ്ടുവന്നു ഛർദ്ദിക്കു പതിവുണ്ടെന്നുകൂടി ഫ്രാൻക്‌ബുള്ള
പ്രസ്താവിക്കുന്നു. ഒരിക്കൽ ഒരു തിമിംഗലം 8 അടി നീള
അടി വീതി 6 അടി വണ്ണമുള്ള ഭക്ഷണസാധനങ്ങൾ ക
യിൽ കൊണ്ടുവന്നു ഛർദ്ദിച്ചു. ഇങ്ങനെയൊക്കെയിരുന്നാലു
ഒരു തിമിംഗലം ഒരു മനുഷ്യനെ വിഴുങ്ങുവാൻ സാധിക്കയില്ലെ
ന്നു യുക്തിരഹിതമായി നാം വിശ്വസിക്കണമെന്നാണു ന
സ്തികന്മാരുടെ ആഗ്രഹം! ഇതെങ്ങിനെ സാധിക്കും? ഒ
ങ്കലുമില്ല. ഒരു അവിശ്വാസിയേപ്പോലെ നാം അത്ര എളു
ത്തിൽ പതിപ്പെടുകയില്ല.

യോനാ ഈ മഹാമത്സ്യോദരകാരാഗ്രഹത്തിൽ സജീ
നായി അത്രയും സമയം ഇരിക്കുവാൻ സാധിച്ചു എന്നുള്ളതുമ
ഒക്കെ മനസ്സിലാക്കുവാൻ നമുക്കു സ്വല്പപ്രയാസം തോന്നുന്നുള്ള
എന്നാൽ ഈ സംശയവും തീരത്തക്കവണ്ണം തിമിംഗ
ത്താൽ വിഴുങ്ങപ്പെട്ടനന്തരം ജീവനോടു പുറത്തു കൊണ്ടുവ
പ്പെട്ട ഒരു മനുഷ്യൻെറ യഥാർത്ഥവും വിശ്വാസ്യവുമായ പ
ും അടുത്ത കാലത്തു നമുക്കു കിട്ടിയിട്ടുണ്ട്.

ഏതദ്വിഷയമായി അന്യോന്യ യോജിപ്പുള്ള രണ്ടു ലേ
നങ്ങൾ ഉണ്ട്. ഈ രണ്ടു ലേഖനങ്ങളുടേയും പ്രതിപാദ്യ
വിഷയം, ഒരു സുപ്രസിദ്ധ പത്രാധിപരും, ആധുനികപ്രകൃതി
ശാസ്ത്രജ്ഞന്മാരിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനത്തെ അർഹ
ിന്ന ആളുമായ എം. ഡി. പാർവില്ലി എന്ന മഹാൻെറ ന

നിരീക്ഷണത്തിന്ന വിഷയീഭവിച്ചവയും വാസ്തവമെന്ന
ളിഞ്ഞിട്ടുള്ളതുമാണു്. ഈ മഹാന്റെ പേരുതന്നെ യോ
യുടെ കഥയെഎതിക്കുന്ന സയൻസു "മഹാത്മാക്കളുടെ വാ
ട്ടുകവാൻ മതിയാകുന്നതാണു്. ആ കഥ ഇവിടെ പക
ർത്തികൊള്ളുന്നു:—

"കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ സ്റ്റാർ ഓഫ് ഈ
സ്റ്റ്" എന്ന തിമിംഗലവേട്ടക്കപ്പലിൽ, വേട്ട തേടി, ഫ്രാൻക്
ലൻഡ്സ് എന്ന ദ്വീപസമൂഹത്തിലെത്തി. അവിടെ തി
മിംഗലങ്ങൾ വളരെ അപൂർവ്വമായിട്ടെ ഉണ്ടായിരുന്നൊള്ളു. ഒരു
ദിവസം കപ്പലിൽനിന്നു മൂന്നുമൈൽ അകലെ ഒരു തിമിംഗ
ലത്തെ അവർ കണ്ടു. രണ്ടു വള്ളത്തിൽ ആളുകൾ കയറി അ
തിന്റെ നേരെ തിരിച്ചു. ഒന്നു അതിനോടു് ഏറ്റവും അടു
ത്തു. ഒരു അസാധാരണ വലിപ്പമുള്ള തിമിംഗലമാണെന്നു്
അവർ മനസ്സിലാക്കി അതിന്റെനേരെ ഒരു കുന്തം ചാടി.
വള്ളവും വലിച്ചുകൊണ്ടു കുന്തവുമായി അതു് അതിശീഘ്ര
ത്തിൽ പാഞ്ഞുതുടങ്ങി. ആദ്യം അതു അഞ്ചുമൈൽ ദൂരത്തോ
ളം നേരെപോയിട്ടു, പൂർവ്വസ്ഥാനത്തേക്കു് കൂടുതൽ വേഗത്തിൽ
തിരിച്ചു. രണ്ടാമത്തെ വള്ളത്തോടു് ഇതു് ഏകദേശം അടുത്തു
തുക വെള്ളത്തിന്റെ മുകളിൽ കാണിച്ചു ഉടനെ രണ്ടാമ
ത്തെ വള്ളത്തിൽനിന്നും ഒരു കുന്തം അതിന്റെ ദേഹത്തിൽ
തറച്ചു. തിമിയുടെ വേദന വർദ്ധിച്ചു; വള്ളം മുങ്ങി, കപ്പൽ
ക്കാർ കടിച്ചു ചാകുമോ എന്നു ഭയപ്പെടത്തക്കവണ്ണം അതു കി
ടന്നു മറിഞ്ഞു. ഒടുവിൽ, രണ്ടു വള്ളങ്ങളും വലിച്ചുകൊണ്ടു്
അതു യാത്രയായി. ചാട്ടുളി ബന്ധിച്ചിരുന്ന കയറുകൾ ബല
മുള്ളതല്ലായിരുന്നതിനാൽ, അവർ കയർ കുറേശ്ശ വലിച്ചു വ
ള്ളത്തിൽ ചേർത്തിട്ടുള്ള ചക്രത്തിൽ ചുററുവാൻ തുടങ്ങി. കയറ
വലിഞ്ഞപ്പോൾ ആ ജന്തു വേദനകൊണ്ടു ഭയങ്കരമാംവണ്ണം
പിടച്ചു വാലിട്ടടിച്ചു. ചാകാൻ തുടങ്ങുന്ന ഈ മത്സ്യത്തിന്റെ
കയ്യിൽനിന്നും രക്ഷപ്പെടുന്നതിന്ന രണ്ടു വള്ളക്കാരും ശ്രമിച്ചു
വെങ്കിലും ഒരു കൂട്ടർമാത്രമെ സാധിച്ചുള്ളു. മറേറ വള്ള
അതിന്റെ മൂക്കിന്റെ ഇടികൊണ്ടു മുങ്ങിപ്പോയി. വള്ളക്കാ
രെല്ലാം വെള്ളത്തിലായി. അവരെ മറ്റവർ രക്ഷിക്കുന്നതിനു
മുൻപായി ഒരാൾ മുങ്ങിച്ചാവുകയും മറെറാരുവനെ കാണാതാ
കയും ചെയ്തു. ഈ കാണാതെപോയ ജയിംസ് ബാർട്ടിലി മുങ്ങി
ച്ചത്തുപോയി എന്നു് അവർ വിചാരിച്ചു. കുറേ കഴിഞ്ഞ

പ്പാൾ തിമിംഗലം വള്ളത്തിന്റെ അരികിൽത്തന്നെ പൊ
ങ്ങി. ഉടൻ വള്ളക്കാർ കപ്പലിന്റെ അടുക്കലേക്കു ത
മിംഗലത്തെ വലിച്ചുകൊണ്ടുപോയി വെട്ടിമുറിച്ച് അ
തിന്റെ തലയിലുള്ള കൊഴുപ്പെടുക്കാൻ ശ്രമിക്കയായി. പ
ൽ മുഴുവനും രാത്രി കുറേനേരവും അവർ ജോലി ചെയ്തു. ക്ഷ
ത പിറേറദിവസം രാവിലെ അവർ പിന്നെയും ജോല
ന്നാരംഭിക്കവേ മത്സ്യത്തിന്റെ ഉദരഭാഗം കപ്പലിന്റെ മേ
ത്തട്ടിലേക്കു് ഉയർത്തുന്നതിനാരംഭിച്ചു. ഉടൻ, അതിന്റെ
ഉള്ളിൽ ജീവനുള്ള ഏതോ ഒരു സാധനം മടങ്ങിയിരിക്കുന്ന
കണ്ടു് ജോലിക്കാർ അത്ഭുതപരതന്ത്രരായി വയറു കീറിനോ
ക്കിയതിൽ, കാണാതെപോയ കപ്പല്ക്കാരൻ ബോധരഹിതന
യി അതിന്റെ ഉള്ളിൽ കിടക്കുന്നതു കണ്ടു. അവനെ പുറത്തെ
ടുത്തു കടൽവെള്ളത്തിൽ കുളിപ്പിച്ചു. ക്രമേണ മോഹാലസ്യ
മാറി. എങ്കിലും ശരിയായ ബുദ്ധി കിട്ടിയില്ല. കപ്പിത്താ
ന്റെ മുറിയിൽ അവനെ 15 ദിവസം പാർപ്പിച്ചു. ഈ ദി
വസങ്ങളിൽ അവനു ബുദ്ധിഭ്രമത്തിന്റെ ലക്ഷണമുണ്ടായി
ന്നു. പരിചരണഫലമായി അയാൾക്കു സുബോധം ഉണ്ടായ
ത്തുടങ്ങി. മൂന്നാം ആഴ്ചയിൽ പൂർണ്ണ സുഖം കിട്ടി; അതിന
ൽ അയാൾ ജോലിയിൽ പ്രവേശിച്ചു. ആ ജീവിയുടെ ഉള്ള
ലെ സ്വല്പവാസത്തിൽ അതിന്റെ ആമാശയരസംകൊണ്ട
മിസ്റ്റർ ബർട്ട്ലിയുടെ തൊലി ചുരുണ്ടും; മരിച്ചവരേപ്പോ
ലെ കൈകാലുകൾ മരവിച്ചു വിളറിയുമിരുന്നു. ആകപ്പാടെ
അവന്റെ ദേഹം പകുതി വെന്തതുപോലെ തോന്നി. പട്ടിണ
കിടന്നു മരിക്കുന്നതുവരെ അതിന്റെ ഉള്ളിൽ അയാൾക്കു ക
ക്കാമായിരുന്നുവെന്നും, തനിക്കുണ്ടായ വലിയ ഭയം നിമിത്ത
മാണു് മോഹിച്ചുപോയതെന്നും, അവിടെ ശ്വസിക്കുന്നതി
വായുവുണ്ടെന്നും ബർട്ട്ലി ഉറപ്പിച്ചുപറയുന്നു.

ആ തിമിംഗലത്തിന്റെ മൂക്കുകൊണ്ടു് അവൻ മേല്പോ
എറിയപ്പെട്ടതും വെള്ളത്തിൽ വന്നുവീണതും അവനു് ഓ
യുണ്ടായിരുന്നുപോൽ. ഉടൻ അവൻ ഒരു വലിയ ശബ്ദം കേ
പിന്നീടു് അന്ധകാരമുണ്ടായി; ഏതോ തെന്നലുള്ളവസ്തുവി
കൂടി അവൻ ഞെരുങ്ങിയിറങ്ങിയതായിത്തോന്നി. ഒടുവിൽ
വൻ തിമിംഗലത്തിന്റെ ഉള്ളിലായിപ്പോയി എന്നറിഞ്ഞു
ളരെ ഭയപ്പെട്ടു. അവിടെയെല്ലാം അവൻ തപ്പിനോക്കി. എന്തോ
ഒരു മാർദ്ദവമുള്ള സാധനത്തിൽ അവൻ തൊട്ടു. അതു് അവനെ

ടിയിൽനിന്നും മാറിപ്പോകുന്നതുപോലെ തോന്നി. അവി
അവനു ശ്വാസോച്ഛ്വാസം ചെയ്യുന്നതിനു പ്രയാസമുണ്ടായി
ന്നില്ല. എന്നാൽ ചൂട് അസഹനീയമായിരുന്നു. അവിട
ത്തെ ചൂട് ശ്വാസംമുട്ടിച്ചുകളയുന്നതോ, ദേഹം പൊള്ളിക്കു
ന്നതോ അല്ലായിരുന്നുവെങ്കിലും ചൈതന്യത്തെ, ദേഹത്തിലു
ള്ള സുഷിരങ്ങളെല്ലാം തുറന്നു വലിച്ചിറക്കി നശിപ്പിക്കുന്നതി
പര്യാപ്തമായിരുന്നുവെന്ന് അവനു തോന്നി. അവൻ വളരെ
ക്ഷീണിച്ചു. വയററിൽ വലിയ സുഖക്കേടുണ്ടായി. ആ തട
വുമുറിയിൽനിന്നും രക്ഷയില്ലെന്ന് അവൻ മനസ്സിലാക്കി.
മരണം അവൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അവൻ അ
തിനെ കീഴടക്കുവാൻ ധൈര്യത്തോടുകൂടി നോക്കി. എന്നാൽ
അവിടത്തെ ഭയങ്കരമായ നിശ്ശബ്ദത; ഘോരമായ അന്ധകാ
രം, പരിതഃസ്ഥിതിയെക്കുറിച്ചുള്ള അറിവ്, വലിയ ചൂട് ഇ
വയാൽ അവൻ പരാജിതനാക്കപ്പെട്ടു. അനന്തരം അവനു മോ
ഹാലസ്യമായി. പിന്നീട് അവനു ഓർമ്മയുള്ളത് കപ്പിത്താ
ൻെറ മുറിയിലെ കാര്യം മാത്രമാണ്. ബർട്ടിലി ഒരു ഭീരുവല്ലാ
യിരുന്നു. എങ്കിലും ഒന്നുരണ്ടാഴ്ചത്തേക്കു കോപാവിഷ്ടനായ
തിമിംഗലത്തെയോ, ഭയാനകമായ ഒരു തടവുമുറിയെയോ
സ്വപ്നംകണ്ടു വിഷമിക്കാത്ത ഒരു രാത്രിപോലും ഇല്ലായിരു
ന്നുവെന്ന് അവൻ പറയുന്നു. അവൻെറ മുഖത്തിലും കൈക
ളിലുമുള്ള പ്രകൃതിദത്തമായ സൌകുമാര്യം മാറിയിട്ട് ഇപ്പോ
ൾ അതു മഞ്ഞളിച്ചു, ചുരുങ്ങി പഴയ ചർമ്മപത്രംപോലെ ഇര
ിക്കുന്നു. ഈ സംഭവംകൊണ്ട് അവൻെറ ആരോഗ്യത്തിനു ഹാ
നിസംഭവിച്ചിട്ടില്ലെന്നു തോന്നുന്നു. അവന് നല്ല ചൈത
ന്യം ഉണ്ട്. ഇതുപോലെയുള്ള വേറൊരു സംഭവത്തെപ്പററ
ആരും അറിഞ്ഞിട്ടില്ലെന്നു തിമിംഗലവേട്ടക്കാർ പറയുന്നു
തിമിംഗലത്തെ മുറിവേല്പിക്കുമ്പോൾ, അവ ഭയങ്കരമായി
ള്ളങ്ങൾ മുക്കുകയും, അതിലുള്ളവരിൽ ചിലരെ വിഴുങ്ങിക്ക
യുകയും ചെയ്യാറുണ്ട് എന്നുള്ളതല്ലാതെ ഇതുപോലെ വീണ്ടു
ജീവിച്ച ഒരുത്തരുടെയും കഥകൾ അവർ കേട്ടിട്ടില്ല.

ഇപ്രകാരം വിദഗ്ദ്ധനായ ഒരു വിജ്ഞാനശാസ്ത്രജ്ഞനെ
(പാവ്ലിക്കു) യോനായുടെ കഥ പ്രയാസംകൂടാതെ വിശ്വസ
ിക്കാമെങ്കിൽ, സാധാരണക്കാർക്ക് അതിലുണ്ടാകുന്ന അവിശ്വാ
സം വെറും അഹങ്കാരബുദ്ധിയെന്നല്ലാതെ എന്തുപറയട്ടെ!

എന്നാൽ യേശുക്രിസ്തുവിന്റെ പരിശുദ്ധ സാക്ഷ്യം ഏതൊരു ശാസ്ത്രജ്ഞന്റെയും അഭിപ്രായത്തേക്കാൾ എത്രയും വിലയേറിയതാകുന്നു. ക്രിസ്തു യോനായെ മത്സ്യം വിഴുങ്ങിയ കഥയ്ക്കു സ്വന്തം പ്രസ്താവനയാൽ മുദ്രവച്ചിരിക്കുന്നു.

## യോഗവൃത്താന്തങ്ങൾ.

(K. T. Mathai)

### കിഴക്കൻ സെൻറർ മഹായോഗം.

പ്രതിവർഷം നടന്നുവരാറുള്ള പ്രസ്തുത മഹായോഗം റാന്നി സീയോൻകുന്ന് ബ്രദറൺസഭാഹാളിൽ വച്ച് കഴിഞ്ഞ ധനുമാസം 14-ാംനു- ബുധനാഴ്ച മുതൽ 18-ാംനു- ഞായറാഴ്ച വരെ വളരെ അനുഗ്രഹകരമായി നടന്നിരിക്കുന്നു. പ്രാസംഗികന്മാരായി മെസ്സേഴ്സ് W വിൽക്കോക്ക്സ് ബി. ഏ. ഇ. എച്ച്. നോയൽ, ഏ. സൂട്ടർ, ജെ. ബ്ലായ്ക്ക് എന്നീ യൂറോപ്യൻ മിഷ്യനറിമാരെ കൂടാതെ ശ്രീമാൻ കെ. വി. സൈമൺ അവർകളും ഉണ്ടായിരുന്നു. സ്ഥലത്തു നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും അസംഖ്യം ആളുകൾ ഓരോ യോഗങ്ങളിലും സന്നിഹിതരായിരുന്നു. ഞായറാഴ്ച രാവിലെ പെരുമ്പുഴ കടവിൽ വെച്ച് സ്നാനവിഷയകമായി മിസ്റ്റർ വിൽക്കോക്ക്സ് ബി. ഏ. യുടെ പ്രൌഢമായ ഒരു പ്രസംഗവും, തദനന്തരം ഒരു സ്നാനശുശ്രൂഷയും നടന്നു. പ്രസ്തുത സ്നാനശുശ്രൂഷയിൽ 35 സ്ത്രീപുരുഷന്മാർ നിമജ്ജനസ്നാനം സ്വീകരിക്കയുണ്ടായി. ഉച്ചതിരിഞ്ഞു "പാപ്പായുടെ പരമാധികാരം" എന്ന വിഷയത്തെ പുരസ്കരിച്ച് ശ്രീമാൻ കെ. വി. സൈമൺ അവർകൾ ഒരു പ്രസംഗം ചെയ്കയുണ്ടായി.

### മല്ലപ്പള്ളി യോഗം.

പ്രസ്തുത യോഗം മല്ലപ്പള്ളി നെടുങ്ങാടപ്പള്ളി പാലത്തിനു സമീപം തയാറാക്കിയിരുന്ന പന്തലിൽ വെച്ചു, സ്ഥലത്തുള്ള സഹോദരന്മാരുടെ ആഭിമുഖ്യത്തിൽ ധനു 21-ാംനു ബുധനാഴ്ച മുതൽ 25-ാംതീയതി ഞായറാഴ്ച വരെ ഭംഗിയായി നടന്നിരിക്കുന്നു. പ്രാസംഗികന്മാരായി മെസ്സേഴ്സ് W. വിൽക്കോക്ക്സ് ബി. ഏ, ഇ. എച്ച്. നോയൽ, ഏ. സൂട്ടർ, ജി. ബ്ലായ്ക്ക് എന്നീ യൂറോപ്യൻ മിഷ്യനറിമാരെ കൂടാതെ

ക. ജി. തോമസ് ഉപദേശി (റാന്നി) അവർകളും ഉണ്ടായി
ന്നു. കേൾവിക്കാരായി വളരെ ആളുകൾ കൂടിയിരുന്നു.

### പൊതുകൺവെൻഷ്യൻ.

ബ്രദറൺസഭ വക 32-ാമത്തു കൺവെൻഷൻ പമ്പയുടെ
മണീയവേണിയാൽ പരിവൃതമായ ഇടയാറന്മുള മണപ്പുറത്തു
യാറാക്കിയിരുന്ന വിശാലമായ പന്തലിൽ വെച്ച്; കഴിഞ്ഞ
നമാസം 28-ാംനു- ബുധനാഴ്ച മുതൽ മകരം 2-ാംനു- ഞായ
ാഴ്ച വരെ പൂർവ്വാധികം മംഗളകരമായി നടന്നിരിക്കുന്നു. പ്ര
ാഷകന്മാർ മെസ്സേഴ്സ് എ. നെയ്സ്മിത്ത് എം. എ.
ഇ. എച്ച് നോയൽ, എ. സൂട്ടർ, ജി. ബ്ലാക്ക് എന്നീ യൂറോ
പ്യൻ മിഷ്യനറിമാരും, ശ്രീമാൻ കെ. വി. സൈമൺ അവർ
കളും ആയിരുന്നു. പ്രതിദിനം നാനാജാതിമതസ്ഥന്മാരായ അ
സംഖ്യം ആളുകൾ ശ്രോതാക്കളായി ഹാജരായിരുന്നു. 1-ാംനു-
ശനിയാഴ്ച രാവിലെ നടന്ന സ്നാനശുശ്രൂഷയിൽ 26 സ്ത്രീപുരു
ഷന്മാർ നിമജ്ജനസ്നാനം സ്വീകരിച്ചു.

### കലഞ്ഞൂർയോഗം.

പ്രതിവർഷം നടന്നുവരാറുള്ള സുവിശേഷയോഗം ഈയാ
ണ്ടിലും കലഞ്ഞൂർ ബി. എം. വി. എം. സ്കൂളിൽവെച്ച് നട
ന്നിരിക്കുന്നു. പ്രസ്തുതയോഗങ്ങളിൽ മെസ്സേഴ്സ് എ. നെയ്
സ്മിത്ത് എം. എ. ഇ. എച്ച് നോയൽ, എ. സൂട്ടർ എന്നീ യൂ
റോപ്യൻ മിഷ്യനറിമാരായിരുന്നു പ്രസംഗകന്മാർ. ഇവിടെ
യും ഏതാനുംപേർ വിശ്വാസസ്നാനം സ്വീകരിക്കയുണ്ടായി.

### കൊട്ടാരക്കരയോഗം.

കൊട്ടാരക്കര തൃക്കണ്ണമംഗൽ ബി. എം. സ്കൂളിനു സമീപ
ത്തു കെട്ടിയൊരുക്കിയിരുന്ന പന്തലിൽവെച്ചു. മകരം 7-ാംനു-
മുതൽ 9-ാംനു-വരെ, സ്ഥലത്തും ചുററുപാടുമുള്ള സഹോദരന്മാ
രുടെ ചുമതലയിൽ ഒരു സുവിശേഷയോഗം നടക്കയുണ്ടായി.
പ്രസ്തുത യോഗങ്ങളിൽ മെസ്സേഴ്സ് എ. നെയ്സ്മിത് എം.
എ. ഇ. എച്ച്. നോയൽ, എ. സൂട്ടർ, എന്നീ യൂറോപ്യൻ മി
ഷ്യനറിമാരും ശ്രീമാൻ കെ. വി. സൈമൺ അവർകളും പ്ര
ഭാഷകന്മാരായിരുന്നു. 8-ാംനു- ശനിയാഴ്ചപകൽ 4 മണിയോ
ടുകൂടി പുലമൺ മുക്കിനുസമീപത്തുവെച്ച് മിസ്റ്റർ: എ. സൂട്ടർ
മി: കെ. വി. സൈമൺ എന്നിവരുടെ മാരോപ്രസംഗവും ത
ന്ന് ഒരു സ്നാനശുശ്രൂഷയും നടന്നു..

# ന്യായപ്രമാണവും കൃപയും.

## (ക്ലാറൻസ് ലാർക്കിൻ)

---

"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെ
ട്ടിരിക്കുന്നതു്; അതിന്നു് നിങ്ങൾ കാരണമല്ല; ദൈവത്തി
ന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്ര
വൃത്തികളും കാരണമല്ല". എഫെ. 2:8.9.

ഈ സൂക്തത്തിൽനിന്നു് കൃപ ദൈവത്തിന്റെ ഒരു സൌ
ജന്യദാനം എന്നുകാണുന്നു. ഒരു മനുഷ്യൻ തന്റെ പ്രയത്ന
ത്തെ ആസ്പദിച്ചു രക്ഷയെ പരിഗ്രഹിക്കുന്നുവെങ്കിൽ ആ ര
ക്ഷ സൌജന്യദാനമല്ല ശമ്പളമാകുന്നു. കൂടാതെ ഏതെങ്കിലും
ഉപകാരപ്രവൃത്തിക്കായി രക്ഷ കൊടുക്കപ്പെടുന്നുവെങ്കിൽ അ
തു രക്ഷയെ ഒരു സമ്മാനം അഥവാ ഒരു പാരിതോഷികമാക്കി
ത്തീർക്കുന്നു. എന്നാൽ ഒരുവന്നു് ശമ്പളമായിട്ടോ പാരിതോഷി
കമായിട്ടോ രക്ഷ ലഭിക്കുന്നുവെങ്കിൽ രക്ഷ ഒരു സൌജന്യദാന
മല്ല. പിന്നെയോ തനിക്കു് അവകാശമുള്ള ഒന്നു കരഗതമാക
ന്നുവെന്നേയുള്ളു. അതുകൊണ്ടു് അതു കൃപയാൽ എന്നുവരുന്ന
തല്ല. അവ്വണ്ണംതന്നെ കൃപയെന്നുള്ളതു ന്യായപ്രമാണത്തെ
കാക്കുന്നതിനു നമുക്കു നൽകപ്പെടുന്ന സഹായവുമല്ല. എന്നാ
ൽ കൃപയെന്നുള്ളതു യാതൊരു യോഗ്യതയുമില്ലാതിരിക്കുന്നവ
ന്റെ നേരെ കാണിക്കുന്ന ആർദ്രതയാകുന്നു.

1. കൃപയുടെമൂലം ദൈവസ്നേഹമത്രെ. കാരണം, "ത
ന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും ന
ശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു് ദൈവ
അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു"
യോഹ. 3:16.

2. കൃപയുടെ ചാൽ ക്രിസ്തുവത്രെ. "ന്യായപ്രമാണ
മോശമുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാ
ന്തരം വന്നു". യോഹ. 1:17; തീത്തൊ. 2:11.

3. കൃപയുടെ ഉപകരണം വിശ്വാസമത്രെ "കൃപയാ
ലല്ലോ വിശ്വാസംമൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു്"
എഫെ. 2:8 നാം ചെയ്തിട്ടുള്ള സൽപ്രവൃത്തിയാകുന്ന വസ്തുവി
ലുള്ള വിശ്വാസമല്ല. ഒരാളിലുള്ള വിശ്വാസമത്രെ. ആ ആ
യേശുക്രിസ്തുവുമാകുന്നു.

ന്യായപ്രമാണവും കൃപയും തമ്മിലുള്ള വ്യത്യാസം മനസ്സി
ലാക്കേണ്ടതിന്നു് അവയെ ഒന്നു താരതമ്യപ്പെടുത്തിനോക്കാം.